**ചോദ്യോത്തരം**
**മുജീബ്**

# സാമ്രാജ്യത്വവിരോധം പ്രസ്ഥാനത്തിന്റെ അടിത്തറ

■ *"ഇടതുപക്ഷത്തേക്കാൾ വലിയ ഇടതുപക്ഷമാണെന്നുള്ള അഭിനയമാണ് ജമാഅത്തെ ഇസ്‌ലാമിക്കുള്ളത്. ആദിവാസി, ദലിത്, പരിസ്ഥിതി, സാമ്രാജ്യത്വം തുടങ്ങിയ പതിവ് പ്രയോഗങ്ങൾ വേറെയും. ഇടതുപക്ഷ പ്രത്യയശാസ്ത്രത്തിന് വേരോട്ടമുള്ള കേരളത്തിൽ ശരിയായ ഇടതുപക്ഷം തങ്ങളാണെന്ന വ്യാജ പ്രതീതി സൃഷ്ടിച്ച് അതുവഴി കേരളീയ സമൂഹത്തിന്റെ പൊതുസമ്മതി നേടാനാണ് ഈ വേഷപകർച്ചയിലൂടെ ജമാഅത്തെ ഇസ്‌ലാമി ശ്രമിക്കുന്നത്. ഒരു സെക്യുലർ മുഖം കൊടുക്കുക. അതേസമയം വളരെ തീവ്രമായി മൗദൂദിയെ ഇന്നും ന്യായീകരിക്കുക. സത്യത്തിൽ അതിൽനിന്നും പൊട്ടിമുളച്ചതാണ് എൻ.ഡി.എഫും ഇന്നത്തെ പോപ്പുലർ ഫ്രണ്ടും. മൗദൂദിസം, ഹസനുൽ ബന്നയുടെ മുസ്‌ലിം ബ്രദർഹുഡ് പോലുള്ള ഐഡിയോളജിക്കൽ ഐക്കൺസിൽനിന്നാണ് ജമാഅത്തെ ഇസ്‌ലാമിയും പോപ്പുലർ ഫ്രണ്ടും ഊർജം സംഭരിക്കുന്നത്. പക്ഷേ രണ്ടും എതിർദിശയിലാണ് സഞ്ചരിക്കുന്നത് എന്നു മാത്രം. രണ്ടു വഴിയിൽ വേർതിരിയുന്നെങ്കിലും എത്തിച്ചേരുന്ന വഴി ഒന്നുതന്നെയാണ്. ഡമോക്രസിക്കും നാഷണലിസത്തിനുമെതിരെ നിർവചനം കൊടുത്തയാളാണ് മൗദൂദി. നാഷണലിസത്തിന് പകരം ഹ്യൂമനിസം, ഡമോക്രസിക്ക് പകരം തീവ്രഭരണം. ഇങ്ങനെ കുറേ ഉട്ടോപ്യൻ സ്വപ്നങ്ങൾ. ഇസ്‌ലാമിക ഭരണത്തെക്കുറിച്ചാണവർ പറയുന്നത്. ഇവിടത്തെ സാഹചര്യത്തിൽ അതിന് എന്തു പ്രസക്തിയാണുള്ളത്. ഈ നാടിന്റെ ഭരണം നമ്മൾ ആരെയാണ് ഏൽപിക്കേണ്ടത്. സുന്നികളെയോ മുജാഹിദുകളെയോ അതോ ജമാഅത്തെ ഇസ്‌ലാമിക്കാരെയോ?" മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി ഡോ. എം.കെ മുനീർ കേരളശബ്ദം പ്രതിനിധിയോട് സംസാരിച്ച കാര്യങ്ങളാണ് ഇത് (പുസ്തകം 47, ലക്കം 47). മുജീബിന്റെ മറുപടി?*

***സി.കെ ഹാശിം റഷീദ് ഉളിയിൽ***

**ഇ**സ്‌ലാമിക ചരിത്രത്തിൽ വഴിത്തിരിവാകുകയും അതിശക്തമായ സ്വാധീനം ചെലുത്തുകയും ചെയ്ത രണ്ട് ആധുനിക പ്രസ്ഥാനങ്ങളെക്കുറിച്ചും സൂക്ഷ്മമോ വസ്തുനിഷ്ഠമോ ആയ പഠനത്തിന് തയാറായില്ലെന്നതാണ് മതേതര ബുദ്ധിജീവി ചമയാൻ ശ്രമിക്കുന്ന ഡോ. എം.കെ മുനീറിന്റെ ദൗർബല്യം. ഇഖ്‌വാനുൽ മുസ്‌ലിമൂനെയും ജമാഅത്തെ ഇസ്‌ലാമിയെയും സാമാന്യമായെങ്കിലും പഠിച്ച ശേഷം അതിനിശിതമായി നിരൂപിച്ച ബുദ്ധിജീവികൾ ധാരാളമുണ്ട്. പരേതരായ വിൻഫ്രഡ് കാൻറ്വൽ സ്മിത്ത്, ഡോ. റഫീഖ് സകരിയ്യ, ജീവിച്ചിരിക്കുന്ന അസ്ഗർ അലി എഞ്ചിനീയർ എന്നിവർ ഉദാഹരണം. കേരളത്തിൽ തന്നെ എൻ.പി മുഹമ്മദിനെ പോലുള്ളവരും ഒട്ടൊക്കെ അതിന് മിനക്കെട്ടിട്ടുണ്ട്. നമ്മുടെ മുനീർ സാഹിബിന് ഇതിനൊന്നും നേരമില്ല. എതിർക്കാൻ തീരുമാനിച്ചതല്ലാതെ പഠിക്കാൻ ശ്രമിക്കാത്തതുമൂലം ഈയിടെയായി ഇസ്‌ലാമിക പ്രസ്ഥാനങ്ങളെക്കുറിച്ച് അദ്ദേഹം പറഞ്ഞതും എഴുതിയതുമൊന്നും വാസ്തവികമല്ല. അതിനുദാഹരണമാണ് മുനീറിന്റെ മുഖാമുഖത്തിൽനിന്ന് ചോദ്യകർത്താവ് ഉദ്ധരിച്ച ഭാഗങ്ങളും.

ബ്രിട്ടീഷ് സാമ്രാജ്യത്വം പാവരാജാക്കന്മാരുടെ തലക്ക് മുകളിൽ ഏറ്റവും പ്രബല അറബ്-മുസ്‌ലിം രാജ്യമായ ഈജിപ്തിനുമേൽ പിടിമുറുക്കിയ പശ്ചാത്തലത്തിൽ ആ സാമ്രാജ്യത്വത്തിനും അതിന്റെ സംസ്കാരത്തിനുമെതിരെ അതിശക്തമായ ചെറുത്തുനിൽപ് സംഘടിപ്പിച്ചുകൊണ്ട് രംഗപ്രവേശം ചെയ്ത മഹാനാണ് ശഹീദ് ഹസനുൽ ബന്നാ. അദ്ദേഹം വിസ്മയാവഹമായ വേഗതയിൽ വികസിപ്പിച്ചെടുത്ത ജനകീയ പ്രസ്ഥാനമാണ് അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ. ഈ സത്യം ബോധ്യപ്പെട്ടതുകൊണ്ടായിരുന്നു ജനറൽ മുഹമ്മദ് നജീബും ജമാൽ അബ്ദുന്നാസിറും ചേർന്ന് നാൽപതുകൾക്കൊടുവിൽ ഫാറൂഖ് രാജാവിനെ പുറത്താക്കാൻ ഫ്രീ ഓഫീസേഴ്സ് ക്ലബ് രൂപവത്കരിച്ച് സൈനിക വിപ്ലവത്തിന് പരിപാടിയിട്ടപ്പോൾ ഹസനുൽ ബന്നായുടെയും ഇഖ്‌വാന്റെയും പിന്തുണ തേടിയത്. വിപ്ലവം വിജയിച്ച ശേഷം നാസിർ ഇഖ്‌വാനെതിരെ തിരിഞ്ഞെങ്കിലും 1956ൽ അദ്ദേഹം സൂയസ് കനാൽ ദേശസാൽകരിച്ചപ്പോൾ ബ്രിട്ടൻ-ഫ്രാൻസ്-ഇസ്രയേൽ സാമ്രാജ്യത്വ സയണിസ്റ്റ് കൂട്ടായ്മ നടത്തിയ കടന്നാക്രമണത്തെ പ്രതിരോധിക്കാൻ രംഗത്തെത്തിയത് ഹസനുൽ ബന്നാ വളർത്തിയെടുത്ത ആൺകുട്ടികളായിരുന്നു. അന്നുമുതൽ ഇന്നുവരെ മധ്യപൗരസ്ത്യദേശത്ത് സാമ്രാജ്യത്വത്തിനും സയണിസത്തിനും രണ്ടിന്റെയും അറബി പിണയാളുകൾക്കുമെതിരെ രംഗത്തുള്ളത് ഹസനുൽ ബന്നായുടെ ധീര സന്തതികളാണ്, ഫലസ്ത്വീനിലെ ഹമാസ് അടക്കം.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി (1903–1979) അദ്ദേഹത്തിന്റെ പൊതുജീവിതം ആരംഭി

ക്കുന്നതുതന്നെ 1920-'21ലെ ഖിലാഫത്ത് പ്രക്ഷോഭത്തിൽ പങ്കെടുത്തുകൊണ്ടാണ്. ജംഇയ്യത്ത് ഉലമായെ ഹിന്ദിന്റെ മുഖപത്രമായ *അൽ ജംഇയ്യത്തി*ന്റെ എഡിറ്ററായിരുന്നു അന്നദ്ദേഹം. ബ്രിട്ടീഷ് വിരുദ്ധ പ്രക്ഷോഭങ്ങളിൽനിന്ന് വിട്ടുനിന്ന സമുദായ നേതാവുണ്ടായിരുന്നെങ്കിൽ അത് മുസ്‌ലിം ലീഗിന്റെ സാരഥിയായിരുന്ന ജിന്ന സാഹിബായിരുന്നു. ഇസ്‌ലാമിക പ്രസ്ഥാനത്തിന് ബീജാവാപം ചെയ്യുന്നതിന് മുമ്പ് മൗദൂദി അനുഗൃഹീതമായ തന്റെ തൂലിക ചലിപ്പിച്ചത് സാമ്രാജ്യത്വത്തിനും അതിന്റെ ഉൽപന്നങ്ങളായ പ്രത്യയശാസ്ത്രങ്ങൾക്കുമെതിരെയായിരുന്നു എന്നതിന് അദ്ദേഹത്തിന്റെ കൃതികൾ സാക്ഷി. അവയിൽനിന്നാണ്താനും മുനീർ പ്രഭൃതികൾ സ്ഥിരമായി ജനാധിപത്യത്തെയും സെക്യുലരിസത്തെയും നാഷനലിസത്തെയും കുറിച്ച പ്രതിപാദനങ്ങൾ വെട്ടിമുറിച്ചെടുത്ത് തത്ത്വരഹിതമായ വിമർശനങ്ങൾ നടത്തുന്നത്. ഈ പാരമ്പര്യത്തിലൂടെ പിറക്കുകയും വളരുകയും ചെയ്ത ജമാഅത്തെ ഇസ്‌ലാമിക്ക് സാമ്രാജ്യത്വത്തെ ചെറുക്കാൻ ഒരിടതുപക്ഷത്തിന്റെയും പരിവേഷം ആവശ്യമില്ല. ജാതിരഹിത വർഗരഹിത മാനവിക ദർശനമായ ഇസ്‌ലാമിന്റെ സംസ്ഥാപനത്തിനു വേണ്ടി പണിയെടുക്കുന്ന പ്രസ്ഥാനത്തിന് ദലിത്-ആദിവാസി പ്രേമവും അന്യരിൽനിന്ന് പഠിച്ചിട്ടു വേണ്ട. ഇതൊന്നും പക്ഷേ മുസ്‌ലിം സമുദായത്തിലെ നവാബുമാരും ബ്രിട്ടീഷ് പാദസേവകരായ ഖാൻ ബഹാദൂർമാരും ചേർന്നുണ്ടാക്കിയ സാമുദായിക പ്രസ്ഥാനത്തിന്റെ അനന്തരഗാമികൾക്ക് മനസ്സിലാവുകയില്ല. എല്ലായ്പോഴും സാമ്രാജ്യത്വത്തിനും മുതലാളിത്തത്തിനും ഒപ്പംനിന്ന് വരേണ്യ വർഗ രാഷ്ട്രീയം മാത്രം പയറ്റിയവരാണവർ. സ്വാതന്ത്ര്യ സമരത്തിൽ അവരുടെ പങ്ക് വട്ടപ്പൂജ്യമാണ്. വർഗീയ ധ്രുവീകരണത്തിലൂടെ ദ്വിരാഷ്ട്ര സിദ്ധാന്തം അവതരിപ്പിച്ചവർ സെക്യുലരിസത്തെക്കുറിച്ച് ആണയിടുന്നതിലെ പരിഹാസ്യത ചെറുതല്ല. ലോകമഹായുദ്ധം തന്നെ സമ്മാനിച്ച ഭ്രാന്തമായ നാഷനലിസത്തിന് പകരം മനുഷ്യവംശത്തിന്റെ നിലനിൽപിന് വിശ്വമാനവികത തന്നെയാണ് ഇസ്‌ലാമിക പ്രസ്ഥാനം അവതരിപ്പിക്കുന്നത്. പണാധിപത്യവും മോബോക്രസിയുമായി പരിണമിച്ച ജനാധിപത്യത്തിന് ബദലായി ദൈവാധിപത്യത്തിനു വിധേയമായ യഥാർഥ ജനപ്രാതിനിധ്യവ്യവസ്ഥയെ ചൂണ്ടിക്കാട്ടുന്നതിലും അഭിമാനമേയുള്ളൂ. ഇതൊക്കെ ഉട്ടോപ്യനാണെന്ന് തോന്നുക നിലവിലെ ജീർണതകളുടെ ഗുണഭോക്താക്കൾക്കാണ്. നിലവിലെ ഇന്ത്യൻ സാഹചര്യത്തിൽ എന്ത് രാഷ്ട്രീയമാണ് പയറ്റേണ്ടതെന്ന് കൃത്യമായ ധാരണയുള്ളതുകൊണ്ടാണ് സുന്നി-ശിഈ-മുജാഹിദ് വിഭാഗീയതക്കും ഹിന്ദു-മുസ്‌ലിം-ക്രിസ്ത്യൻ സാമുദായിക ധ്രുവീകരണത്തിനും ഊർജം കളയാതെ, ജാതി മത പരിഗണനകളില്ലാത്ത മതനിരപേക്ഷ മൂല്യാധിഷ്ഠിത ജനാധിപത്യത്തിനു വേണ്ടി ശബ്ദമുയർത്തുന്നതും വോട്ടവകാശം വിനിയോഗിക്കുന്നതും. ഭരണം മറ്റാരെ ഏൽപിച്ചാലും പകൽ കൊള്ളക്കാരെയും അഴിമതി സാമ്രാട്ടുകളെയും ഏൽപിക്കരുതെന്ന് ആഗ്രഹമുണ്ട്, തൽക്കാലം അത് പ്രയാസകരമാണെങ്കിലും.

## താലിബാൻ: ശരിയും തെറ്റും

■ *അഫ്ഗാൻ അധിനിവേശത്തിന് ശേഷം താലിബാൻ വീണ്ടും ശക്തിയാർജിച്ചു വരുന്നു. യഥാർഥത്തിൽ എന്താണ് താലിബാൻ ഉൾക്കൊള്ളുന്ന ഇസ്‌ലാമികാദർശം? പെൺകുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾ ബോംബ് വെച്ച് തകർക്കുക, പഠിക്കാനെത്തുന്ന പെൺകുട്ടികളുടെ മുഖത്ത് ആസിഡ് ഒഴിക്കുക, ബാർബർഷോപ്പുകളും മറ്റു വിനോദ കേന്ദ്രങ്ങളും തകർക്കുക, നിസ്സാര കുറ്റങ്ങൾക്ക് പോലും ജനമധ്യത്തിൽ വെച്ച് കഠിന ശിക്ഷകൾ നടപ്പാക്കുക എന്നിത്യാദി കാര്യങ്ങളിലൂടെയാണ് അവരുടെ 'ജിഹാദ്' മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. കുറ്റം ചെയ്തവരെ ശിക്ഷിക്കാൻ വേണ്ടി മാത്രമായി ഒരു ഇസ്‌ലാം ആവശ്യമുണ്ടോ? താലിബാനോടും അനുബന്ധ കക്ഷികളോടും ഉള്ള ഇസ്‌ലാമിക സമൂഹത്തിന്റെ നിലപാടെന്താണ്? അതല്ലെങ്കിൽ അവരോട് ഒരു മൃദുസമീപനം കൈക്കൊള്ളുന്നതെന്തിനാണ്? യുവാക്കളെ ധർമസമരത്തിന്റെയും ജിഹാദിന്റെയും കാഹളം മുഴക്കി ആകർഷിച്ച് ഒടുവിൽ ചാവേറുകളാക്കി പൊതുജന കേന്ദ്രങ്ങളിലും പള്ളികളിലും സ്ഫോടനങ്ങൾ നടത്തി നിരപരാധികളെ കൊന്നൊടുക്കുന്ന താലിബാനെ തീവ്രവാദികൾ എന്നല്ലാതെ വേറെ എന്താണ് വിളിക്കേണ്ടത്?*

***വി. അബ്ദുൽ ഖാദർ മുള്ളമ്പാറ***

**അ**ഫ്ഗാനിസ്താനിൽ സോവിയറ്റ് അധിനിവേശത്തിനെതിരെ പൊരുതാനും തുടർന്ന് ഗോത്രവർഗ ഗ്രൂപ്പുകൾ തമ്മിലടിച്ചപ്പോൾ ഭരണം പിടിച്ചെടുക്കാനും പാകിസ്താൻ സർക്കാറിന്റെയും പട്ടാളത്തിന്റെയും പിൻബലത്തിൽ നിലവിൽവന്ന മത വിദ്യാർഥി സമൂഹമാണ് താലിബാൻ. അവരുടെ നേതാവ് മുല്ലാ ഉമർ കാബൂൾ ഭരിച്ച കാലത്ത് ഗുണവും ദോഷവും ഉണ്ടായി. അനിസ്‌ലാമിക സാംസ്കാരികധാരയെ പ്രതിരോധിച്ചതും മയക്കുമരുന്ന് ഉൽപാദനവും വിതരണവും കർശനമായി വിലക്കിയതും നല്ല കാര്യങ്ങളായിരുന്നു. ഇസ്‌ലാമിക ജനാധിപത്യത്തെയും സാമൂഹിക നീതിയെയും ശരീഅത്ത് പ്രയോഗവത്കരണത്തിലെ യുക്തിദീക്ഷയെയും കുറിച്ചുള്ള ശരിയായ അവബോധത്തിന്റെ അഭാവത്തിൽ ചെയ്ത തീവ്രവാദപരമായ കൃത്യങ്ങളായിരുന്നു ലോകത്താകെ ദുഷ്പേര് സമ്പാദിച്ചുകൊടുത്ത ദോഷവശം. എന്നാൽ താലിബാനെ പുറംതള്ളി അമേരിക്കൻ പാവ സർക്കാർ കാബൂളിൽ അവരോധിക്കപ്പെട്ട ശേഷം എല്ലാ രംഗങ്ങളിലും സ്ഥിതി കൂടുതൽ മോശമാവുകയേ ചെയ്തിട്ടുള്ളൂ.

അഫ്ഗാനിസ്താന്റെ ചില ഭാഗങ്ങളിലും പാക്-അഫ്ഗാൻ അതിർത്തി പ്രവിശ്യകളിലും താലിബാൻ ഇപ്പോഴും സജീവമാണ്. അവരുടെ സമാന്തര ഭരണത്തെക്കുറിച്ച വാർത്തകൾ വ്യാജം കലർന്നതും ദുരുദ്ദേശ്യപരവുമാണ്. 'ഇസ്‌ലാമിക ഭീകരത' എന്നു പേരിട്ട പ്രതിഭാസത്തിനെതിരെ സാമ്രാജ്യത്വവും ഇസ്‌ലാം വിരോധികളായ മീഡിയയും പ്രചരിപ്പിക്കുന്നതൊക്കെ സത്യമല്ല. അതേസമയം, താലിബാന്റെ വിവേകരഹിതവും ആത്യന്തികവുമായ നിലപാടുകളെ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ തള്ളിപ്പറഞ്ഞിട്ടുണ്ട്. ഇസ്‌ലാമിക ഭരണമെന്നാൽ ക്രിമിനൽ നിയമങ്ങൾ പ്രാകൃതമായി നടപ്പാക്കലല്ല; സ്ത്രീകളെ അടിമകളാക്കലുമല്ല. മനുഷ്യാവകാശ ലംഘനങ്ങളും ഹിംസയും ഇസ്‌ലാമിന്റെ പാത അല്ല. ഇതൊക്കെ താലിബാൻ നേതാക്കളെ ബോധ്യപ്പെടുത്താൻ മതപണ്ഡിതന്മാർ ശ്രമിച്ചിരുന്നെങ്കിലും അവരുടെ ദുർവാശിയും വിവരക്കേടും മൂലം മാറ്റം ഉണ്ടായില്ല. താലിബാനെപോലുള്ള ഗ്രൂപ്പുകൾ ഇസ്‌ലാമിക ചരിത്രത്തിൽ മുമ്പും ഉണ്ടായിട്ടുണ്ട്. മുസ്‌ലിം ഭരണകൂടങ്ങൾ യഥാർഥ ജനാധിപത്യവും ഇസ്‌ലാമിക സാമൂഹിക നീതിയും നടപ്പാക്കുകയാണ് ആത്യന്തിക ശക്തികളെ പരാജയപ്പെടുത്താനുള്ള പ്രായോഗിക വഴി.

## ഗർഭസ്ഥ സത്യങ്ങൾ

■ *ഗർഭസ്ഥ ശിശു ആണോ പെണ്ണോ എന്നറിയാൻ കഴിയില്ലെന്ന് ഖുർആൻ ഉദ്ധരിച്ച് മുമ്പ് പലരും പ്രസംഗിച്ചിരുന്നു. അൾട്രാ സൗണ്ട് സ്കാനിംഗിലൂടെ ഇന്ന് അതും സാധിച്ചിരിക്കുന്നു. തെറ്റ് പറ്റിയത് ആർക്കാണ്?*

***എ.ആർ ചെറിയമുണ്ടം***

"**അ**ന്ത്യനാളിനെക്കുറിച്ച ജ്ഞാനം അല്ലാഹുവിങ്കലാകുന്നു. മഴ വർഷിപ്പിക്കുന്നത് അവനത്രെ. ഗർഭാശയങ്ങളിലുള്ളതും അവൻ അറിയുന്നു. നാളെ എന്തു ചെയ്യാൻ പോവുമെന്ന് ഒരാത്മാവിനും അറിയില്ല, ഏത് ഭൂമിയിലാണ് മരിക്കുക എന്നും ഒരാത്മാവിനും നിശ്ചയമില്ല. നിശ്ചയം, അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമത്രെ" (*സൂറ ലുഖ്മാൻ* 34). ഈ സൂക്തത്തിലെ അഞ്ച് അദൃശ്യകാര്യങ്ങളിലൊന്നാണ് ഗർഭാശയങ്ങളിലുള്ളത്. ശിശു ആണോ പെണ്ണോ എന്നതല്ല അതിന്റെ വിവക്ഷ. കുഞ്ഞ് എപ്പോൾ, എങ്ങനെ പിറന്നുവീഴും, വികലാംഗനോ ആരോഗ്യവാനോ, എങ്ങനെ വളരും, എന്താവും, ഭാഗ്യവാനോ നിർഭാഗ്യവാനോ, എത്ര കാലം ജീവിക്കും, എപ്പോൾ മരിക്കും തുടങ്ങിയ മനുഷ്യജന്മവുമായി ബന്ധപ്പെട്ട എല്ലാം അല്ലാഹു നേരത്തേ അറിയുകയും നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. അതേക്കുറിച്ചൊന്നും ഒരു മനുഷ്യനും കൃത്യമായ വിവരമില്ല, ഉണ്ടാവുകയുമില്ല. അക്കാര്യങ്ങളാണ് ഖുർആൻ സൂചിപ്പിച്ചത്. ഗർഭസ്ഥ ശിശു ആണോ പെണ്ണോ എന്നത് അങ്ങേയറ്റത്തെ ലളിതവത്കരണമാണ്.

## പന്നിമാംസം

■ *ലോകാടിസ്ഥാനത്തിൽ ജനങ്ങൾ ധാരാളം കഴിക്കുന്ന പന്നിമാംസം ഇസ്‌ലാം നിഷിദ്ധമാക്കാൻ വ്യക്തമായ കാരണമെന്താണ്? (മാലിന്യങ്ങളിൽ ജീവിക്കുന്നു, വിരശല്യമുണ്ടാക്കുന്നു എന്നൊക്കെ ശാസ്ത്രീയമായി പറയുന്നുണ്ടെങ്കിലും അതിനേക്കാൾ മാലിന്യം തിന്നുന്ന ജീവികളെ നിരോധിച്ചില്ലല്ലോ). പന്നിയെ നിരോധിച്ചതിന് ഖുർആനിലോ ഹദീസിലോ വല്ല തെളിവുമുണ്ടോ?*

***നാഥ് നടുപുണി, വയനാട്***

**വി**ശുദ്ധ ഖുർആൻ സ്പഷ്ടമായി വിലക്കിയ ഭക്ഷ്യസാധനങ്ങളിൽ ഉൾപ്പെടുന്നതാണ് പന്നിമാംസം. "പ്രവാചകരേ, പറയുക: എനിക്ക് ലഭിച്ചിട്ടുള്ള ദിവ്യസന്ദേശത്തിൽ, തിന്നുന്ന ഒരാൾക്ക് നിഷിദ്ധമാക്കപ്പെട്ടതായി ഒന്നും ഞാൻ കാണുന്നില്ല; ശവമോ ഒഴുക്കപ്പെട്ട രക്തമോ പന്നിമാംസമോ അല്ലാതെ. എന്തുകൊണ്ടെന്നാൽ അത് മാലിന്യമാകുന്നു. അല്ലെങ്കിൽ അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടതുകൊണ്ട് അധാർമികമായിത്തീർന്നതുമല്ലാതെ" (6:145). പന്നിമാംസം മാലിന്യമാണെന്ന് സൂചിപ്പിച്ച ഖുർആൻ അത് എങ്ങനെ എന്ന് വിശദീകരിച്ചിട്ടില്ല. പന്നി മാലിന്യങ്ങളിൽതന്നെ ജീവിക്കുന്ന, രോഗാണുക്കളുടെ പ്രഭവകേന്ദ്രം ആയതുകൊണ്ടാവാം നിരോധം എന്ന് ഊഹിക്കുകയല്ലാതെ കൃത്യമായും അതാണ് കാരണമെന്ന് തീരുമാനിക്കാനാവില്ല. വിസർജ്യങ്ങൾ ധാരാളമായി തിന്നുന്ന മറ്റു ജീവികളുടെ മാംസവും പ്രവാചകൻ വിലക്കിയതായി ചില റിപ്പോർട്ടുകളിലുള്ളത് ഈ നിഗമനത്തെ ബലപ്പെടുത്തുന്നു എന്നു പറയാം. മാലിന്യങ്ങൾ മുഖ്യാഹാരമായ ജീവികളും അല്ലാത്തവയും തമ്മിൽ അന്തരമുണ്ടെന്ന് വ്യക്തമാണ്. ■